പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3656 25.06.2013 -ൽ മറുപടിക്ക്

ബസ് ടൈം ചെക്കിംഗ് പോയിന്റുകൾ

ചോദ്യം

ശ്രീ. കെ. ദാസൻ :
ശ്രീമതി. പി. അയിഷാ പോറ്റി :
ശ്രീ. കെ. കെ. നാരായണൻ :
" ബി. ഡി. ദേവസ്സി :

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ബസ് ടൈം ചെക്കിംഗ് പോയിന്റുകൾ നടപ്പിലാക്കിയതു മൂലം കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) | ബസ് ടൈം ചെക്കിംഗ് പോയിന്റുകൾ നടപ്പിലാക്കിയതുമൂലം കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റ് വരുമാനത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായതായി വ്യക്തമായിട്ടുണ്ട്. കോർപ്പറേഷന് വരുമാന വർദ്ധനവിനൊപ്പം പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട യാത്രാ സൗകര്യവും ലക്ഷ്യമിട്ടാണ് ബസ് ടൈം ചെക്കിംഗ് പോയിന്റുകൾ നടപ്പിലാക്കിയത്. ടി സംവിധാനത്തിന് പൊതുജനങ്ങളിൽ നിന്നും സ്വാഗതാർഹമായ പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്. ടൈം ചെക്കിംഗ് പോയിന്റുകൾ ഏർപ്പെടുത്തിയതു മൂലം ബസ്സുകൾ സ്റ്റോപ്പുകളിൽ നിർത്തുന്നു വെന്ന് ഉറപ്പാക്കാനും ഓരോ ബസ്സിലും പരമാവധി യാത്രക്കാരെ കയറ്റാനും കഴിയുന്നതിന് പുറമേ യാത്രക്കാർ കുറവായി എത്തിച്ചേരുന്ന ഓർഡിനറി ബസ്സുകളെ സ്റ്റോപ്പുകളിൽ ട്രാഫിക് തടസ്സം കൂടാതെ പിടിച്ചിടുന്നതിനും കോൺവോയ് ഒഴിവാക്കി ക്രമാനുഗതമായി റൂട്ടുകളിൽ സർവ്വീസ് ബസ്സുകൾ ഉണ്ടെന്ന് ഉറപ്പാക്കി അതുവഴി സമാന്തര സർവ്വീസുകളിൽ കയറുന്നതിൽ നിന്നും യാത്രക്കാരെ പിന്തിരിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനം ഏർപ്പെടുത്തിയതു മൂലം കെ.എസ്.ആർ. | (ബി) | ബസ് ടൈം ചെക്കിംഗ് പോയിന്റുകൾ ഏർപ്പെടുത്തിയതുമൂലം കെ.എസ്.ആർ. |

| | | | |
|---|---|---|---|
| | ടി.സി.-യുടെ പ്രതിദിന കളക്ഷനിൽ എന്ത് വർദ്ധനയാണ് ഉണ്ടായിരുന്നത് ; | | ടി.സി.യ്ക്കുണ്ടായ പ്രതിദിന കളക്ഷൻ വർദ്ധനവ് കൃത്യമായി കണക്കാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്. ദിനം പ്രതി ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകളുടെ ഏറ്റക്കുറച്ചിൽ, ദിവസങ്ങളുടെ പ്രത്യേകത, ഓരോ ദിവസ ത്തേയും പ്രദേശികമായ പ്രത്യേകതകൾ തുടങ്ങിയ കാരണങ്ങളാൽ കൃത്യമായ കണക്കെടുപ്പ് പ്രയോഗികമല്ല. എങ്കിലും ദിനംപ്രതി ഏകദേശം പത്തുലക്ഷം രൂപയുടെ അധിക വരുമാനം ഉണ്ടായതായി കണക്കാക്കുന്നുണ്ട്. |
| (സി) | പരീക്ഷണാടിസ്ഥാനത്തിൽ ഏർപ്പെടുത്തിയ പ്രസ്തുത സംവിധാനം ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ; | (സി) | കെ.എസ്.ആർ.ടി.സി വിജിലൻസ് വിഭാഗത്തിലെയും ഓർഡിനറി വിഭാഗത്തിലെയും ഇൻസ്പെക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി പരീക്ഷണാടിസ്ഥാനത്തിലാണ് ബസ്സ് ടൈം ചെക്കിംഗ് പോയിന്റുകൾ ഏർപ്പെടുത്തിയത്. ബസ്സ് പരിശോധന ഉൾപ്പടെയുള്ള വിജിലൻസ് വിഭാഗം പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ട വിജിലൻസ് വിഭാഗത്തെ തുടർച്ചയായി പോയിന്റ് ഡ്യൂട്ടികൾക്കായി നിയോഗിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ടി വിഭാഗം ഇൻസ്പെക്ടർമാരെ പിൻവലിച്ച് നിലവിൽ ഓർഡിനറി വിഭാഗം ഇൻസ്പെക്ടർമാരെ തെരഞ്ഞെടുത്ത് സ്ഥലങ്ങളിൽ പോയിന്റ് ഡ്യൂട്ടികൾക്കായി നിയോഗിച്ച് കൊണ്ട് സംവിധാനം നിലനിർത്തിയിട്ടുണ്ട്. കൂടാതെ തിരക്കേറിയ സീസണുകളിൽ വിജിലൻസ് വിഭാഗത്തെയും നിശ്ചിത ദിവസങ്ങളിൽ ഉപയോഗപ്പെടുത്താറുണ്ട്. |
| (ഡി) | തിരക്കേറിയ സമയങ്ങളിൽ പ്രധാനപ്പെട്ട റൂട്ടുകളിൽ പ്രസ്തുത സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | തിരക്കേറിയ സമയങ്ങളിൽ പ്രധാന റൂട്ടുകളിലെ യാത്രക്കാർ കൂടുതലായി എത്തിച്ചേരുന്ന പോയിന്റുകൾ കേന്ദ്രീകരിച്ചാണ് ബസ്സ് ടൈം ചെക്കിംഗ് സംവിധാനം ഏർപ്പെടുത്തിയത്. ടി |

| | | | |
|---|---|---|---|
| | | | സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഇൻസ്പെക്ടർമാരുടെ കുറവ് തടസ്സമാകുന്നുണ്ട് എങ്കിൽ തന്നെയും മറ്റ് ജീവനക്കാരുടെ സേവനം കൂടി പ്രയോജനപ്പെടുത്തി സംവിധാനം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ